**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3801** **17-03-2025 - ൽ മറുപടിയ്ക്ക്**

**സർക്കാർ സർവീസിലേക്കുള്ള സ്പോർട്സ് ക്വാട്ട നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തു സർക്കാർ സർവീസിലേക്ക് സ്പോർട്സ് ക്വാട്ട നിയമനം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളിലൂടെ അപേക്ഷകൾ ക്ഷണിച്ച് കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ സഹായത്തോടെ അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി വ്യവസ്ഥകൾ പ്രകാരം സെലക്ട് ലിസ്റ്റ് തയ്യാറാക്കിയാണ് നിയമനം നൽകുന്നത്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്പോർട്സ് ക്വാട്ട നിയമനത്തിനായി തയ്യാറാക്കിയ സെലക്ട് ലിസ്റ്റിൽ നിന്നും എത്രപേർക്ക് വിവിധ സർക്കാർ വകുപ്പുകളിൽ നിയമനം നൽകി എന്ന് ജില്ലയും വകുപ്പും തിരിച്ച് അറിയിക്കാമോ; ഇതിനായി തയ്യാറാക്കിയ സെലക്ട് ലിസ്റ്റിൽ നിലവിൽ എത്ര പേർ ഉൾപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ? | (ബി) | 2010 - 2014 വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി ശേഷിച്ച ഒഴിവുകളിലേക്ക് 86 പേരടങ്ങിയ സെലക്ട് ലിസ്റ്റിൽ നിന്നും 65 പേർക്ക് വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിൽ നിയമനം നൽകിയിട്ടുണ്ട്.<br><br>2018 ലെ ഏഷ്യൻ ഗെയിംസിൽ മെഡലുകൾ നേടിയ അഞ്ച് കായികതാരങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് സ്പോർട്സ് ഓർഗനൈസറുടെ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br><br>2015 - 2019 വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട ഒഴിവുകൾ നികത്തുന്നതിനായി 549 പേരടങ്ങിയ സംസ്ഥാന തലത്തിലുള്ള സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ച് 249 കായികതാരങ്ങളെ വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിൽ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 319 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ